# HOLY CHURCH HISTORY (തിരുസഭാ ചരിത്രം)

1. സഭാചരിത്രത്തിലെ ചില പ്രധാന സംഭവങ്ങൾ
2. ഭാരത സഭാചരിത്രത്തിലെ പ്രധാന സംഭവങ്ങൾ
3. സഭാ പിതാക്കന്മാർ, മതമർദ്ദനങ്ങൾ, പാഷണ്ഡതകൾ
4. കേരള സഭാചരിത്രത്തിലെ ചില പദങ്ങൾ

ചരിത്രത്തിൽ ജീവിക്കുന്ന ക്രിസ്തുവാണ് സഭ. ജറുസലേമിൽ സ്ഥാപിക്കപ്പെട്ട സഭ ഉദ്ഘാടനം ചെയ്യപ്പെട്ടത് പന്തക്കുസ്ത ദിനത്തിലാണ്. എ.ഡി. 107–ൽ അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് സഭയെ ''കത്തോലിക്കാ സഭ'' യെന്നു വിളിച്ചു.

## 1. സഭാചരിത്രത്തിലെ ചില പ്രധാന സംഭവങ്ങൾ

1. **കുരിശു യുദ്ധങ്ങൾ** (എ.ഡി. 1095 മുതൽ 1272 വരെ)

   മുസ്ലീങ്ങൾ പിടിച്ചെടുത്ത തിരുക്കല്ലറയും മറ്റു വിശുദ്ധ സ്ഥലങ്ങളും വീണ്ടെടുക്കുന്നതിനും, അവരുടെ ആക്രമണങ്ങളിൽനിന്നും പശ്ചിമ യൂറോപ്പിനെ സംരക്ഷിക്കുന്നതിനും വേണ്ടി മാർപ്പാപ്പമാരുടെ അനുവാദത്തോടെ പാശ്ചാത്യ ക്രൈസ്തവർ നടത്തിയ യുദ്ധങ്ങളാണ് കുരിശു യുദ്ധങ്ങൾ എന്ന പേരിലറിയപ്പെടുന്നത്. എ.ഡി. 1095 മുതൽ 1272 വരെ പ്രധാനപ്പെട്ട എട്ടു കുരിശു യുദ്ധങ്ങളാണുണ്ടായത്.

2. **അവിഞ്ഞോൺ പ്രവാസം** (എ.ഡി 1309 മുതൽ 1376 വരെ)

   സഭയുടെ ആസ്ഥാനമായിരുന്ന റോമിൽ ആഭ്യന്തര കലഹങ്ങൾമൂലം മാർപ്പാപ്പമാർ ഫ്രാൻസിലെ അവിഞ്ഞോൺ പട്ടണത്തിൽ ആസ്ഥാനമുറപ്പിച്ച, എ.ഡി 1309 മുതൽ 1376 വരെയുള്ള കാലഘട്ടത്തെയാണ് അവിഞ്ഞോൺ പ്രവാസം എന്നു പറയുന്നത്.

3. **പാശ്ചാത്യ ശീശ്മ** (എ.ഡി 1378 മുതൽ 1417 വരെ)

   സഭയോടുള്ള ഐക്യത്തിൽനിന്നും ഭിന്നിച്ചു നില്ക്കുന്നതിനെയാണ് ശീശ്മ എന്നു പറയുന്നത്. സഭയോടുള്ള ഐക്യത്തെ തകർത്തുകൊണ്ട് പരസ്പരം മത്സരിക്കുന്ന ഒന്നിലേറെ മാർപ്പാപ്പമാരും ഭരണകേന്ദ്രങ്ങളുമൊക്കെ പാശ്ചാത്യ സഭയിലുണ്ടായത് പാശ്ചാത്യ ശീശ്മ എന്ന പേരിലറിയപ്പെടുന്നു. കോൺസ്റ്റാൻസിലെ സൂനഹദോസ് ആണ് ഇതിനു പരിഹാരം കണ്ടെത്തിയത്.

4. **നവോത്ഥാനം** (14–ാം നൂറ്റാണ്ടിന്റെ ആരംഭംമുതൽ 16–ാം നൂറ്റാണ്ടിന്റെ മദ്ധ്യംവരെ)

   ഗ്രീക്ക്–റോമൻ സംസ്കാരത്തിന്റെ പുനർജന്മവും തത്ഫലമായി വിദ്യാഭ്യാസം, കല, സാഹിത്യം, ശാസ്ത്രം എന്നീ രംഗങ്ങളിൽ യൂറോപ്പിലുണ്ടായ അത്ഭുതകരമായ പരിവർത്തനങ്ങളുമാണ് 'നവോത്ഥാനം' എന്ന് ലോക ചരിത്രത്തിലറിയപ്പെടുന്നത്. 'ഹ്യൂമനിസ്റ്റുകൾ' എന്ന പേരിൽ പ്രസിദ്ധരായ ചിന്തകന്മാർ നവോത്ഥാനത്തിന്റെ പ്രചാരകരായി രംഗത്തു വന്നു. മനുഷ്യവ്യക്തിയുടെ പ്രാധാന്യം ഊന്നിപ്പറയാൻവേണ്ടി അവർ പ്രകൃത്യതീത ശക്തികളെ തിരസ്ക്കരിക്കുകയും മനുഷ്യബുദ്ധിയെ സർവ്വസ്വവുമായി കരുതുകയും ചെയ്തു. അച്ചടി യന്ത്രത്തിന്റെ കണ്ടു പിടുത്തത്തോടെ ബൈബിൾ കൂടുതൽ പ്രചരിച്ചു തുടങ്ങിയതുവഴി വി. ഗ്രന്ഥ പഠനത്തെ പ്രോത്സാഹിപ്പിക്കാൻ നവോത്ഥാനത്തിനു കഴിഞ്ഞു. എന്നാൽ നവോത്ഥാനത്തിന്റെ അനിയന്ത്രിതമായ മുന്നേറ്റം വഴി ആന്തരിക നവോത്ഥാനത്തിനു പകരം ഭൗതീക നവോത്ഥാനത്തിന് പ്രാധാന്യം നല്കപ്പെട്ടു. ദൈവത്തേയും ദൈവീക മൂല്യങ്ങളേയും അവഗണിക്കാനുള്ള പ്രവണത മനുഷ്യനിൽ ശക്തിപ്പെട്ടു. തന്മൂലം സഭയുടെ ആദ്ധ്യാത്മിക ചൈതന്യത്തിന് സാരമായ കോട്ടം സംഭവിച്ചു.

5. **പ്രൊട്ടസ്റ്റന്റു വിപ്ലവവും ആംഗ്ലിക്കൻ സഭയും** (16–ാം നൂറ്റാണ്ട്)

ജർമ്മനിയിൽ 1517–ൽ മാർട്ടിൻ ലൂഥറിന്റെ നേതൃത്വത്തിൽ തുടങ്ങിയ മതവിപ്ലവമാണ് പ്രൊട്ടസ്റ്റന്റ് വിപ്ലവം എന്നറിയപ്പെടുന്നത്. മധ്യയുഗത്തിൽ ദൈവശാസ്ത്രത്തിലുണ്ടായ ചില തെറ്റായ വീക്ഷണങ്ങൾ, വികലമായ ആരാധന ക്രമം, റോമൻ കൂരിയായിൽ ഉണ്ടായ ക്രമക്കേടുകൾ തുടങ്ങിയവയെല്ലാം വിപ്ലവത്തിലേക്കു നയിക്കാനിടയായ കാരണങ്ങളാണ്.

ഇംഗ്ലണ്ടിലെ ഹെൻറി എട്ടാമൻ രാജാവിന്റെ ഭാര്യയായ കാതറിന്റെ തോഴിയായ ആനിബോളിനെ സഭയുടെ അംഗീകാരമില്ലാതെ വിവാഹം ചെയ്തതിനാൽ രാജാവിനെ സഭാഭ്രഷ്ടനാക്കി. അതിൽ പ്രതിഷേധിച്ച് പാർലമെന്റ് 1534 നവംബർ 3ന് പരമാധികാര നിയമം പാസ്സാക്കി. അതനുസരിച്ച് ഇംഗ്ലണ്ടിലെ സഭയുടെ പരമാധികാരി രാജാവു മാത്രമായിരിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ടു. 1547–ൽ ഹെന്റിയുടെ മരണത്തിനു ശേഷം പ്രൊട്ടസ്റ്റന്റു സഭയുടെ വിശ്വാസ പ്രമാണവും മെത്രാൻ കേന്ദ്രീകൃത ഭരണവുമടങ്ങിയ ഒരു പുതിയ സഭ 'ആംഗ്ലിക്കൻ സഭ' എന്ന പേരിൽ ഇംഗ്ലണ്ടിന്റെ ഒദ്യോഗിക മതമായി.

## 2. ഭാരത സഭാചരിത്രത്തിലെ പ്രധാന സംഭവങ്ങൾ

1. **തോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനം**

ക്രിസ്തു ശിഷ്യനായ വി. തോമസ് എ.ഡി 52 ലാണ് കേരളത്തിലെ കൊടുങ്ങല്ലൂർ തുറമുഖത്ത് വന്നിറങ്ങിയത്. അദ്ദേഹത്തിന്റെ പ്രേഷിത പ്രവർത്തന ഫലമായി നിരവധി കുടുംബങ്ങൾ ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു. തോമാശ്ലീഹാ കേരളത്തിൽ 7 പള്ളികൾ സ്ഥാപിച്ചു. കൊടുങ്ങല്ലൂർ, പാലയൂർ, കോട്ടക്കാവ് (പറവൂർ), കോക്കമംഗലം, നിരണം, കൊല്ലം, നിലയ്ക്കൽ (ചായൽ) എന്നിവിടങ്ങളിലാണ് ഈ പള്ളികൾ. കേരളത്തിലെ പ്രേഷിത പ്രവർത്തനത്തിനുശേഷം തോമാശ്ലീഹാ ഇപ്പോഴത്തെ ചെന്നൈ അടുത്ത് മൈലാപ്പൂരിൽ പ്രവർത്തനമാരംഭിച്ചു. എ.ഡി. 72 ജൂലൈ 3–ാം തീയതി ഒരു പൂജാരി അദ്ദേഹത്തെ കുന്തം കൊണ്ട് കുത്തി കൊലപ്പെടുത്തി. തോമാശ്ലീഹാ പ്രാർത്ഥിച്ചിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്ന മലയാറ്റൂർ മല ഇന്ന് കേരളത്തിലെ ഒരു പ്രധാന തീർത്ഥാടന കേന്ദ്രമാണ്. ഭാരതത്തിലെ പുരാതന ക്രൈസ്തവ സമൂഹം ''മാർത്തോമ്മാ ക്രിസ്ത്യാനികൾ''എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

2. **കിനായിത്തൊമ്മന്റെ ആഗമനം**

തെക്കേമെസൊപ്പൊട്ടേമിയായിൽ ടൈഗ്രീസ് നദിയുടെ തീരത്തുള്ള പുരാതന പട്ടണമായ കീനായിൽനിന്ന് വാണിഭനായ തോമ എ.ഡി 345–ൽ 72 കുടുംബങ്ങളിൽപ്പെട്ട നാനൂറോളം ആളുകളോടെ കപ്പൽ യാത്രചെയ്ത് കൊടുങ്ങല്ലൂർ തുറമുഖത്തെത്തി. അന്നത്തെ കൊടുങ്ങല്ലൂർ പട്ടണത്തിന്റെ തെക്കു ഭാഗത്ത് രാജകല്പന പ്രകാരം അവർ താമസമാക്കി. തെക്കേ മെസൊപ്പൊട്ടേമിയയിൽനിന്നു വന്നതിനാലും കൊടുങ്ങല്ലൂർ പട്ടണത്തിന്റെ തെക്കു ഭാഗത്തു താമസിച്ചിരുന്നതിനാലും ഈ കുടിയേറ്റക്കാരും അനുയായികളും ചരിത്രത്തിൽ തെക്കും ഭാഗക്കാർ എന്നറിയപ്പെട്ടു. തെക്കുംഭാഗ (ക്നാനായ) സമുദായത്തിന് സ്ഥാപിതമായ പ്രത്യേക രൂപതയാണ് ഇന്നുള്ള കോട്ടയം അതിരൂപത.

3. **പോർച്ചുഗീസ് ആധിപത്യം**

ഇന്ത്യയുമായി വ്യാപാരബന്ധം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ 1498 മെയ് 21–ന് വാസ്കോഡിഗാമ കോഴിക്കോടിനടുത്ത് കാപ്പാട് എന്ന സ്ഥലത്ത് വന്നിറങ്ങി. 1499–ൽ അദ്ദേഹം പോർച്ചുഗലിൽ തിരിച്ചെത്തിയപ്പോൾ, പോർച്ചുഗീസ് രാജാവ് അടുത്ത പര്യടന സംഘത്തെ പെദ്രോ അൽവാരെസ് കബ്രാളിന്റെ നേതൃത്വത്തിൽ ഇന്ത്യയിലേയ്ക്കയച്ചു. 1500–ൽ അവർ മലബാറിലെത്തി. ഈ സംഘത്തിൽ ഉണ്ടായിരുന്ന ഫ്രാൻസിസ്കൻ മിഷനറിമാർ ഇവിടെ പ്രേഷിത പ്രവർത്തനം ആരംഭിച്ചു. 1502–ൽ വാസ്കോഡിഗാമ വീണ്ടും ഇന്ത്യയിലെത്തി. 15 കപ്പലുകളും 800 ആളുകളുമുള്ള സംഘത്തോടുകൂടി വന്ന അദ്ദേഹം സാവധാനം കേരളത്തിൽ പോർച്ചുഗീസ് ആധിപത്യം സ്ഥാപിച്ചു. ഇന്ത്യയിൽ ലത്തീൻ സഭയ്ക്ക് സുസംഘടിതമായ ഒരുതുടക്കം കുറിച്ചത് പോർച്ചുഗീസുകാരാണ്.

4. **ഉദയംപേരൂർ സൂനഹദോസ്** (എ.ഡി. 1599)

കേരളത്തിൽ സമാന്തരമായി വളർന്നുവന്ന രണ്ടു ക്രൈസ്തവ സമൂഹങ്ങളായ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കും ലത്തീൻ കത്തോലിക്കർക്കും പൊതുവായ ആരാധന ക്രമങ്ങൾ, ഭരണ സംവിധാനം തുടങ്ങിയവ ലക്ഷ്യം വച്ചുകൊണ്ട് 1599–ൽ ഗോവാ മെത്രാപ്പോലീത്തയായിരുന്ന ഡോ. അലക്സിസ് ഡി. മെനേസിസ് തൃപ്പൂണിത്തുറയ്ക്കടുത്തുള്ള ഉദയംപേരൂരിൽ വിളിച്ചു കൂട്ടിയ സൂന്നഹദോസാണിത്. കേരളത്തിലെ 133 വൈദീകരും 20 ഡീക്കന്മാരും 660 ഇടവക പ്രതിനിധികളും സൂന്നഹദോസിൽ പങ്കെടുത്തു.

കേരള സഭയെ കൽദായ പാത്രിയർക്കീസിന്റെ അധികാരത്തിൽനിന്നും വേർപെടുത്തി മാർപ്പാപ്പായുടെ നേരിട്ടുള്ള ഭരണത്തിലാക്കുക, ലത്തീൻ ആരാധനക്രമം സുറിയാനി ഭാഷയിലാക്കി ഉപയോഗിക്കുക, വൈദീകർ ബ്രഹ്മചര്യം നിർബന്ധമാക്കുക, ക്രൈസ്തവരുടെ ഇടയിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും നീക്കം ചെയ്യുക എന്നിവ സൂന്നഹദോസിലെടുത്ത തീരുമാനങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

5. **കൂനൻ കുരിശു സത്യം** (എ.ഡി 1653)

ഉദയംപേരൂർ സൂന്നഹദോസിനുശേഷം മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിലപ്പെട്ട ചില നല്ല പാരമ്പര്യങ്ങളും ആചാരാനുഷ്ഠാനങ്ങളും നിർത്തലാക്കിയതും ആരാധനക്രമത്തിലുണ്ടായ പാശ്ചാത്യവത്ക്കരണവും ആർച്ചു ഡീക്കന്റെ അവകാശാധികാരങ്ങൾ വെട്ടിക്കുറച്ചതും അവരുടെയിടയിൽ അതൃപ്തി ഉളവാക്കി. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അപേക്ഷയനുസരിച്ച് പൗരസ്ത്യ പാത്രിയർക്കീസ് അയച്ച മെത്രാനെ സ്വീകരിക്കുവാൻ ആർച്ചു ഡീക്കൻ തോമായുടെ നേതൃത്വത്തിൽ മട്ടാഞ്ചേരിയിൽ സമ്മേളിച്ചു. എന്നാൽ മെത്രാനെ അവിടെ ഇറക്കാതെ പോർച്ചുഗീസുകാർ ഗോവയിലേക്ക് കൊണ്ടുപോയി. ഇതിൽ പ്രതിഷേധം പ്രകടിപ്പിക്കുവാൻ മാർത്തോമ്മാ ക്രിസ്ത്യാനികൾ മട്ടാഞ്ചേരിയിലെ ദൈവമാതാവിന്റെ നാമത്തിലുള്ള പള്ളിയിൽ പ്രവേശിച്ച് പ്രാർത്ഥിച്ചശേഷം പള്ളിയുടെ വടക്കുഭാഗത്ത് തെരുവിന് പടിഞ്ഞാറെ വശത്തുള്ള മരക്കുരിശിൽ (ഇപ്പോൾ ഭ്രാന്തൻ കുരിശ് എന്നറിയപ്പെടുന്നു) ആലാത്തുകെട്ടി അതിൽ പിടിച്ചുകൊണ്ട് ഈശോസഭാ വൈദീകരെ ഒരിക്കലും അനുസരിക്കുകയില്ലെന്ന് സത്യം ചെയ്തു. തങ്ങളുടെ ഭരണ കർത്താവ് ആർച്ചു ഡീക്കനാണെന്നും അവർ ഏറ്റു പറഞ്ഞു. 1653 ജനുവരി 3–ന് നടന്ന ഈ സംഭവമാണ് കൂനൻ കുരിശു സത്യം എന്നറിയപ്പെടുന്നത്.

6. **പുനരൈക്യം**

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭാ ചരിത്രത്തിലെ സുപ്രധാന സംഭവമാണ് 1930 സെപ്തംബർ 20ന് മാർ ഇവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടന്ന പുനരൈക്യം. സെറാമ്പൂർ സർവ്വകലാശാലയിലെ പ്രൊഫസറായിരുന്ന ഫാ. പി.റ്റി. ഗീവർഗീസ് (മാർ ഇവാനിയോസ്) കേരളത്തിൽ ബഥനി ആശ്രമവും മഠവും തുടങ്ങി. യാക്കോബായ സഭയുടെ ആദ്ധ്യാത്മിക നവോത്ഥാനത്തിനു വഴി തെളിച്ച ശക്തിയുടെ ഉറവിടമായിരുന്നു ബഥനി സന്യാസ സമൂഹങ്ങൾ. 1925–ൽ 42–ാം വയസ്സിൽ ഗീവർഗീസച്ചൻ മാർ ഇവാനിയോസ് എന്ന പേരിൽ മെത്രാനായി അഭിഷിക്തനായി. കൂനൻ കുരിശു സത്യത്തെ തുടർന്ന് സഭയിൽനിന്നു ഭിന്നിച്ചു പോയവരിൽ ഒരു വിഭാഗം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുവാനുള്ള സംരംഭത്തിന് നേതൃത്വം കൊടുത്തത് മാർ ഇവാനിയോസായിരുന്നു. പുനരൈക്യത്തിനു റോമിൽനിന്നും പ്രത്യേകം ചുമതലപ്പെടുത്തിയ കൊല്ലം ബിഷപ്പ് ബൻസിഗറിന്റെ മുമ്പിൽ 1930 സെപ്തംബർ 20ന് സത്യപ്രതിജ്ഞ നടത്തി മാർ ഇവാനിയോസും, മാർ തെയോഫിലസും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. തുടർന്ന് ബഥനി സന്യാസ സമൂഹത്തിലെ ബഹുഭൂരിപക്ഷം വൈദീകരും എല്ലാ ബഥനി സന്യാസിനികളും കത്തോലിക്കാ സഭയുമായി ഐക്യത്തിലെത്തി. 1932–ൽ 11–ാം പീയൂസ് മാർപ്പാപ്പ ''ക്രിസ്തോരും പ്രിൻചിപ്പി'' എന്ന തിരുവെഴുത്തു വഴി ''മലങ്കര കത്തോലിക്കാ ഹയരാർക്കി'' സ്ഥാപിച്ചു.

പുനരൈക്യത്തിന്റെ ചരിത്രത്തിലെ മറ്റൊരു പ്രധാന സംഭവമാണ് തൊഴിയൂർ സ്വതന്ത്ര സഭയുടെ അദ്ധ്യക്ഷനായിരുന്ന പൗലോസ് മാർ പീലക്സിനോസ് 1977 ആഗസ്റ്റ് 28ന് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടത്.

## 3. സഭാ പിതാക്കന്മാർ, മതമർദ്ദനങ്ങൾ, പാഷണ്ഡതകൾ

1. സഭാപിതാക്കന്മാർ:–

   ആദ്യനൂററാണ്ടുകളിൽ ക്രൈസ്തവ തത്വസംഹിതകളേയും വിശുദ്ധ രഹസ്യങ്ങളെപ്പറ്റിയും എഴുതുകയും പഠിപ്പിക്കുകയും ചെയ്തിട്ടുള്ള പണ്ഡിതരും വിശുദ്ധരുമായ സഭാദ്ധ്യക്ഷന്മാർ.

2. അപ്പസ്തോല പിതാക്കന്മാർ:–

   ഒന്നാം നൂറ്റാണ്ടിലും രണ്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും ജീവിച്ചിരുന്ന ക്രിസ്തീയ ഗ്രന്ഥകാരന്മാർ.

3. വിശ്വാസ സംരക്ഷകർ:–

   രണ്ടാം നൂറ്റാണ്ടിൽ ക്രിസ്തുമതത്തിനെതിരായി ദുരാരോപണങ്ങളും ഭീഷണികളും ഉയർന്നപ്പോൾ സത്യവിശ്വാസം സംരക്ഷിക്കുവാൻ എഴുതുകയും പ്രവർത്തിക്കുകയും ചെയ്തവർ.

4. സഭാ പണ്ഡിതന്മാർ:–

   ഏഴാം നൂറ്റാണ്ടിനുശേഷം സഭയിലുണ്ടായിട്ടുള്ള വിശുദ്ധരും വിജ്ഞാനികളുമായിട്ടുള്ള പ്രബോധകർ.

5. മതമർദ്ദനങ്ങൾ നിരോധിച്ചുകൊണ്ട് ക്രിസ്തുമതത്തിന് സ്വാതന്ത്ര്യം നല്കിയത്:–

   കോൺസ്റ്റന്റയിൻ ചക്രവർത്തി, എ.ഡി 313 ലെ മിലാൻ വിളംബരത്തിലൂടെ.

6. ക്രിസ്തുമത മർദ്ദനം നടത്തിയ റോമാ ചക്രവർത്തിമാർ:–

   നീറോ (54–68), ഡൊമിഷ്യൻ (81–96), ട്രാജൻ (98–117), ഹഡ്രിയാൻ (117–138), അന്റോണിനസ് (138–161), ഔറെലിയൂസ് (161–180), സെപ്തിമിയസ് (193–211), ഡേഷ്യസ് (249–251), വലേരിയൻ (253–260), ഡയോക്ലീഷൻ (284–305) എന്നിവർ.

7. സഭയുടെ യഥാർത്ഥ വിശ്വാസത്തിനും പ്രബോധനത്തിനും ചേരാത്ത അബദ്ധ സിദ്ധാന്തം:–

   പാഷണ്ഡത

8. സഭാചരിത്രത്തിലെ പ്രധാന പാഷണ്ഡതകൾ:–

   യഹൂദ പാഷണ്ഡതകൾ, ജ്ഞാനവാദം, മനിക്കേയിസം, മൊണാർക്കിയനിസം, സബോർഡിനേഷനിസം, ആര്യനിസം, അപ്പോള്ളിനാരിസം, നെസ്തോറിയനിസം, ഏക സ്വഭാവ വാദം, ഏകേച്ഛാ വാദം, പെലാജിനിസം, മാസിഡോണിയനിസം എന്നിവ.

## 4. കേരള സഭാചരിത്രത്തിലെ ചില പദങ്ങൾ

### 1. അച്ചൻ

ഇംഗ്ളീഷിലെ ഫാദർ, പോർച്ചുഗീസിലെ പാദ്രെ എന്നിവക്കു സമാനമായി കേരളത്തിലെ വൈദീകരെ അടുത്ത കാലത്ത് വിളിച്ചുതുടങ്ങിയ പദമാണിത്.

### 2. അല്മായൻ (അല്മേനി)

ലോകം എന്നർത്ഥമുളള അല്മാ എന്ന സുറിയാനി വാക്കിൽ നിന്നാണ് അല്മായൻ എന്ന വാക്കുണ്ടായത്. ലോക വ്യവഹാരങ്ങളിൽ കഴിയുന്നവൻ എന്നാണ് അല്മായൻ എന്നതിന്റെ ഉദ്ദിഷ്ടാർത്ഥം. സന്യാസികളും വൈദികരുമല്ലാത്തവരെ സൂചിപ്പിക്കാനാണ് ഈ വാക്ക് ഉപയോഗിക്കുന്നത്.

### 3. അരുളിക്ക

തിരുശേഷിപ്പു(relic)വച്ചു സൂക്ഷിക്കാനുള്ള പാത്രം എന്ന അർത്ഥമുള്ള റെലികാരിയോ എന്ന പോർത്തുഗീസ് വാക്കിൽ നിന്നാണ് മലയാളത്തിലെ അരുളിക്ക എന്ന പദമുണ്ടായത്. ദിവ്യകാരുണ്യം പ്രദർശിപ്പിക്കാനുള്ള പാത്രമെന്നാണ് അരുളിക്ക കൊണ്ട് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

### 4. ഇടവക

പാരിഷ് എന്ന ഇംഗ്ളീഷ് പദത്തിനും പാരോയ്ക്കിയാ എന്ന ഗ്രീക്കു പദത്തിനും, ‘‘പരോക്കിയ’’ എന്ന ലത്തീൻ പദത്തിനും പകരമായി മലയാളികൾ ഉപയോഗിച്ചിരുന്ന പദമാണ് ഇടവക.

5. **ഒപ്രുശുമ**

ഒപ്പ് എന്ന വാക്കും അതേ അർത്ഥമുള്ള റുശ്മാ എന്ന വാക്കും കൂട്ടിച്ചേർത്തുള്ള പ്രയോഗമാണ് ഒപ്രുശുമ. തൈലാഭിഷേകം, പ്രാർത്ഥനയോടുകൂടിയ ആശീർവ്വാദം, പൂശൽ, അടയാളപ്പെടുത്തൽ എന്നൊക്കെ ഇതിന് അർത്ഥമുണ്ട്. 1917 വരെ സ്ഥൈര്യലേപനത്തിന് ഒടുക്കത്തെ ഒപ്രുശുമ എന്നാണ് വിളിച്ചിരുന്നത്.

6. **ഓസ്തി**

ബലിവസ്തു എന്നർത്ഥമുള്ള ഹോസ്തിയാ (hostia) എന്ന ലത്തീൻ വാക്കാണ് മലയാളത്തിൽ ഓസ്തി എന്നായത്.

7. **കത്തനാർ**

മലയാള നാട്ടിലെ ക്രൈസ്തവ പുരോഹിതരെ സുറിയാനിയിൽ കഹന, കശീശ എന്നൊക്കെ വിളിച്ചിരുന്ന കാലഘട്ടത്തിലാണ് കത്ത നാർ എന്ന പദവും പ്രയോഗത്തിലായത്.

8. **കപ്യാര്**

മധ്യയുഗത്തിലെ ലത്തീൻ ഭാഷയിലുണ്ടായ കപ്യാരിയൂസ് (Capi-arius) എന്ന പദമാണ് മലയാളത്തിൽ കപ്യാര് എന്ന രൂപം പ്രാപിച്ചത്. വിശുദ്ധവസ്തുക്കൾ സുക്ഷിക്കുന്ന ആലയത്തിന്റെ കാര്യസ്ഥ എന്നാണ് മതസാഹിത്യത്തിൽ ഇതിന്റെ അർത്ഥം.

9. **കുരിശ്**

പോർത്തുഗീസ് ഭാഷയിലുള്ള ക്രൂസ് (cruz)എന്ന വാക്കാണ് കുരിശ് എന്ന രൂപത്തിൽ മലയാളികൾ ഉപയോഗിക്കുന്നത്.

10. **കുർബാന**

നൂറ്റാണ്ടുകളായി മലയാളികൾ ഉപയോഗിക്കുന്ന ഒരു കൽദായ സുറിയാനി വാക്കാണ് കുർബാന എന്നത്. കാഴ്ചയർപ്പിച്ചു, ബലിയർപ്പിച്ചു എന്നിങ്ങനെ അർത്ഥമുള്ള കാറെവ് എന്ന ക്രിയയിൽനിന്നാണ് ഈ വാക്കുണ്ടായത്.

11. **കുമ്പസാരിക്കുക**

ഏറ്റുപറയുക എന്നർത്ഥമുള്ള കൊൺഫെസാർ എന്ന പോർത്തുഗീസുവാക്കിൽ നിന്നാണ് കുമ്പസാരിക്കുക എന്ന മലയാള ക്രിയാധാതു ഉണ്ടായത്.

12. **ക്രിസ്ത്യാനികൾ**

ക്രിസ്തുവിന്റെ അനുയായികൾ എന്നാണ് ഈ പദത്തിന് അർത്ഥം. അഭിഷിക്തൻ (മിശിഹാ) എന്നർത്ഥമുള്ള ക്രിസ്തോസ് എന്ന ഗ്രീക്കു വാക്കിൽ നിന്നാണ് ഈ പേരുണ്ടായത്.

13. **കൊന്ത**

ജപമാല എന്നർത്ഥമുള്ള കൊന്ത എന്ന പദം പോർത്തുഗീസ് ഭാഷാ പദമാണ്.

14. **കൊവേന്ത**

സന്യാസിമാർ താമസിക്കുന്ന ഭവനം (ആശ്രമം) എന്നർത്ഥമുള്ള കൊവേന്ത എന്ന വാക്ക് പോർത്തുഗീസ് ഭാഷയിലെ കൊൺവെന്തോ എന്ന പദത്തിൽ നിന്നുണ്ടായതാണ്.

15. **ചാത്തം**

ശ്രാദ്ധം എന്ന സംസ്കൃത പദത്തിന്റെ തദ്ഭവമാണ് ചാത്തം എന്ന വാക്ക്. അന്നദാനത്തിനു പുറമെ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുക കൂടി ചെയ്യുന്നതുവഴി ഇതൊരു മത കർമ്മമായിത്തീരുന്നു.

16. **നസ്രാണികൾ**

നസ്രസിൽ വസിച്ച് നസ്രായനെന്ന് വിളിക്കപ്പെട്ട ക്രിസ്തുവിന്റെ അനുയായികളാണ് നസ്റാണികൾ അഥവാ നസ്രായികൾ. കേരള ക്രൈസ്തവരെ 17-ാം നൂറ്റാണ്ടുവരെ നസ്രാണികൾ എന്നാണ് വിളിച്ചിരുന്നത്.

17. **നാളോത്ത്**

മരിച്ച വ്യക്തിയുടെ വീട്ടിൽ ശവസംസ്ക്കാരത്തിനുശേഷം നടത്തുന്ന പ്രാർത്ഥനയാണ് നാളോത്ത്. നാള്, ഓത്ത് എന്ന രണ്ട് ദ്രാവിഡ പദങ്ങൾ ചേർന്നുണ്ടായ സമസ്ത പദമാണ് നാളോത്ത്. (ഓത്ത് = പ്രാർത്ഥന)

18. **പട്ടക്കാരൻ**

പുരോഹിതന്മാരെ പട്ടക്കാർ എന്ന് അടുത്ത കാലം വരെ സാധാരണയായി വിളിച്ചിരുന്നു. രാജാക്കന്മാർ തലയിലോ അരയിലോ കെട്ടുന്ന വിശിഷ്ട വസ്ത്രം എന്ന അർത്ഥം 'പട്ട' എന്ന പദത്തിനുണ്ട്. അധികാര പദവികളെ സൂചിപ്പിക്കുന്ന പദമാണ് ഇത്.

19. **പാദ്രി (പാതിരി)**

പിതാവെന്ന് അർത്ഥമുള്ള പാദ്രേ എന്ന പോർത്തുഗീസു പദത്തിന്റെ മലയാളരൂപമാണിത്. വിദേശ മിഷണറിമാരെ പാദ്രികൾ (പാതിരികൾ) എന്നു വിളിച്ചിരുന്നു.

20. **പുരോഹിതൻ**

ഹൈന്ദവ സംസ്ക്കാരത്തിൽ നിന്നും സ്വീകരിച്ച പദമാണ് പുരോഹിതൻ. ഏറ്റവും മുമ്പിൽ നില്ക്കുന്നവൻ, അധികാരപ്പെടുത്തിയവൻ എന്നിങ്ങനെയാണ് ഈ വാക്കിന്റെ അർത്ഥം.

21. **ബസിലിക്ക**

ചരിത്രപ്രധാനവും, കലാസുന്ദരവും, ഉറപ്പോടുകൂടിയവയും അദ്ധ്യാത്മീക ചൈതന്യമുള്ള കേന്ദ്രങ്ങളിൽ സ്ഥിതിചെയ്യുന്നതുമായ ദേവാലയങ്ങളിൽ പ്രമുഖമായവയ്ക്കുമാത്രം സിദ്ധിക്കുന്ന പദവി.

22. **മഹറോൻ**

സഭയിൽനിന്ന് പുറത്താക്കൽ എന്നാണ് മഹറോൻ എന്ന സുറിയാനി വാക്കിന്റെ അർത്ഥം.

23. **മാമ്മോദീസാ**

സ്നാനം (കുളി) എന്ന് അർത്ഥമുള്ള സുറിയാനി പദമാണ് മാമ്മോദീസാ.

24. **മൊണാസ്ട്രി, കോൺവെന്റ്**

ഇംഗ്ലീഷിൽ പുരുഷന്മാരുടെ ആശ്രമങ്ങളെ മൊണാസ്ട്രി എന്നും സ്ത്രീകളുടെ ആശ്രമങ്ങളെ കോൺവെന്റ് എന്നും വിളിക്കുന്നു.

25. **മാംദാനാ**

ക്രിസ്തുവിന്റെ മുന്നോടിയായ യോഹന്നാനെ 'യോഹന്നാൻ മാംദാനാ' എന്നാണ് വിളിക്കുന്നത്. മാംദാനാ എന്ന സുറിയാനി വാക്കിനു കുളിപ്പിക്കുന്നവൻ എന്നാണ് അർത്ഥം. അനുതാപത്തിന്റെ അടയാളമായ കുളിയെന്നാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

26. **വെഞ്ചെരിപ്പ്**

ആശീർവദിക്കുക, അനുഗ്രഹിക്കുക, പവിത്രീകരിക്കുക എന്നൊക്കെ അർത്ഥമുള്ള ബെൻസെർ (Benzer) എന്ന പോർത്തുഗീസ് വാക്കിൽ നിന്നാണ് വെഞ്ചരിക്കുക എന്ന പദമുണ്ടായത്.,

27. **വെന്തിങ്ങ**

കന്യാമറിയത്തിന്റെ ചിത്രം ആലേഖനം ചെയ്തിട്ടുള്ള ഉത്തരീയമാണ് വെന്തിങ്ങ. പവിത്രീകൃതം, വിശുദ്ധം എന്നൊക്കെ അർത്ഥമുള്ള ബെൻതിന്വോ എന്ന പോർത്തുഗീസ് വാക്കിൽ നിന്നാണ് ഈ പദമുണ്ടായത്.

28. **വൈദികൻ**

കേരള ക്രൈസ്തവർ, പുരോഹിതന്മാരെ വിളിക്കാൻ ഉപയോഗിച്ച ഒരു സംസ്കൃത പദമാണിത്.

29. **സക്രാരി**

സക്രാരിയോ എന്ന പോർത്തുഗീസ് വാക്കിൽ നിന്നാണ് മലയാളത്തിൽ സക്രാരി എന്ന വാക്കുണ്ടായത്. വിശുദ്ധവസ്തുക്കൾ സൂക്ഷിക്കുന്ന പേടകം (ചെറിയപെട്ടി) എന്നാണ് അതിന്റെ അർത്ഥം.

30. **സങ്കീർത്തി**

ലത്തീൻ ഭാഷയിലുള്ള സാക്രിസ്തീയ (Sacristia) എന്ന വാക്കിൽ നിന്നാണ് സങ്കീർത്തി എന്ന പദമുണ്ടായത്. ദിവ്യ കർമ്മങ്ങൾക്ക് ഉപയോഗിക്കുന്ന പാത്രങ്ങൾ, വസ്ത്രങ്ങൾ മുതലായവ സൂക്ഷിക്കുന്ന മുറി എന്നാണ് ഈ പദം കൊണ്ട് ഉദ്ദേശിക്കുന്നത്.

*****